ആയിരത്തൊന്നുരാവുകൾ

# മാന്ത്രികക്കുരങ്ങൻ

10

**കഥാസാരം:** ബഗ്ദാദിലെ ചക്രവർത്തിയായ ഹാറൂൺ അൽ റശീദ് രാജ്ഞിയുടെ കിരീടത്തിൽ വെക്കാൻ പറ്റിയ രത്നത്തിനായി ബസ്രയിലെ അബു മുഹമ്മദ് എന്ന മടിയന്റെ അടുത്തേക്ക് ദൂതനെ അയച്ചു. അബു മുഹമ്മദ് രാജധാനിയിലെത്തി ഖലീഫക്ക് ഒട്ടേറെ സമ്മാനങ്ങൾ നൽകി. പിന്നീട് തന്റെ കഥ പറയാൻ ആരംഭിച്ചു. കുട്ടിക്കാലത്ത് മടിയനായ അബു മുഹമ്മദിനെ വെള്ളി നാണയങ്ങളുമായി ഉമ്മ സമുദ്ര വ്യാപാരിയായ അബു മുസാഫിറിന്റെ അടുക്കലേക്ക് അയച്ചു. ചൈനയിൽ നിന്ന് എന്തെങ്കിലും വാങ്ങി വരണമെന്ന് പറഞ്ഞ് അബു മുഹമ്മദ് നാണയങ്ങൾ അബൂ മുസാഫിറിനെ ഏൽപ്പിച്ചു. സാധനം വാങ്ങാൻ പക്ഷേ അദ്ദേഹം മറന്നു. മടങ്ങിവരും വഴി ദ്വീപിലെ ചന്തയിൽ നിന്നും ഒരു കുരങ്ങുകളിക്കാരനിൽ നിന്ന് അഞ്ച് വെള്ളിനാണയത്തിന് മുടി പോയ ഒരു കുരങ്ങനെ അദ്ദേഹം വാങ്ങി. കച്ചവടവും കഴിഞ്ഞ് തിരിച്ചുവരുംവഴി മുസാഫിറിനെയും കൂട്ടരെയും നരഭോജികൾ ആക്രമിക്കുകയും തുറുങ്കിലടക്കുകയും ചെയ്യുന്നു. കുരങ്ങൻ അവരെ രക്ഷിക്കുന്നു. അവർ കുരങ്ങന് ഒരുപാട് സമ്മാനങ്ങൾ നൽകി. കുറേനാൾ കഴിഞ്ഞ് മുസാഫിറിന്റെ കപ്പൽ കരക്കണഞ്ഞു. അയാൾ കുരങ്ങനെ അബുമുഹമ്മദിനെ ഏൽപ്പിച്ചു. പിറ്റേന്ന് മുസാഫിർ അബുമുഹമ്മദിന്റെ വീട്ടിലെത്തി. കുരങ്ങൾ വഴിയുണ്ടായ എണ്ണമറ്റ സമ്പാദ്യങ്ങൾ അവന് കൊടുത്തു. അബു മുഹമ്മദ് കുരങ്ങൻ പറഞ്ഞപ്രകാരം ഒരു കച്ചവടക്കാരന്റെ മകളെ വിവാഹം കഴിച്ചു. പിന്നീട് കുരങ്ങൻ വീണ്ടും ചിലത് ചെയ്യാനാവശ്യപ്പെട്ടു. അങ്ങനെ ചെയ്തപ്പോൾ അയാൾക്ക് ഭാര്യയെ നഷ്ടപ്പെട്ടു. അബു മുഹമ്മദ് വിലപിച്ചപ്പോൾ ജിന്നുകൾ പ്രത്യക്ഷപ്പെട്ടു, അവ പറഞ്ഞപ്രകാരം അയാൾ ഒരു നാഗത്തിന്റെ പുറത്തേറി യാത്രയായി. ഒരു ദ്വീപിലിറങ്ങി. ഒരുകപ്പൽ കണ്ടുകൈവീശി അതിൽ കയറി പക്ഷേ, കപ്പലിലുണ്ടായിരുന്നവരുടെ ഭാഷ അജ്ഞാതമായിരുന്നു.




▸▸ ദേശീയ മനുഷ്യാവകാശ കമ്മീഷനിലെ ആദ്യ വനിതാ അംഗം– ജസ്റ്റിസ് എം.ഫാത്തിമാ ബീവി




▸▸ ഇന്ത്യൻ സർക്കസിലെ ആദ്യ വനിതാ താരം– കുന്നത്ത് യശോദ




▸▸ കെ. എസ്. ആർ. ടി. സിയുടെ ആദ്യ വനിതാ ഡ്രൈവർ– ഷഹുബാനത്ത് (കൊല്ലം)




▸▸ നിലമ്പൂരിലാണ് ലോകത്തിലെ ആദ്യ തേക്കുതോട്ടം